## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2218

18 .07.2016-ൽ
മറുപടിയ്ക്ക്

### 'വില്ലേജ് ഓഫീസുകളിൽ രശീത് പുസ്തകത്തിന്റെ ക്ഷാമം '

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസുകളിൽ രശീത് പുസ്തകത്തിന്റെ ക്ഷാമം കാരണം നികുതി സ്വീകരിക്കാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നികുതി രശീതി ലഭിക്കാത്തതു കാരണം സ്കൂൾ കോളേജ് പ്രവേശനത്തിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) നികുതി രസീത് ലഭിക്കാത്തതു കാരണം സ്കൂൾ-കോളേജ് പ്രവേശനത്തിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ബാങ്ക് വായ്പ എടുക്കുന്ന സാധാരണക്കാർക്ക് നികുതി രശീതി ലഭിക്കാത്തതുമൂലമുള്ള പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ബാങ്ക് വായ്പ എടുക്കുന്ന സാധാരണക്കാർക്ക് നികുതി രസീത് ലഭിക്കാത്തതുമൂലം പ്രയാസമനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൽ. ആർ.-316 രസീത് ബുക്കുകളുടെ അച്ചടി സംബന്ധിച്ച് അടിയന്തിരമായി തുടർ നടപടി സ്വീകരിക്കാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത രസീത് ബുക്കുകളുടെ ലഭ്യതകുറവ് റിപ്പോർട്ട് ചെയ്ത കണ്ണൂർ, മലപ്പുറം ജില്ലകളിലെ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| (ഡി) നികുതി പിരിക്കുന്നതിൽ വരുന്ന താമസം റവന്യൂ വരുമാനത്തിൽ കുറവു വരുത്തുമോ; വിശദാംശം നൽകുമോ? | (ഡി) നികുതി പിരിക്കുന്നതിൽ വരുന്ന താമസം ഒരു നിശ്ചിത കാലയളവിലെ റവന്യൂ വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ വരുത്തിയേക്കാം. എന്നാൽ, ഈ കാര്യത്തിൽ എൽ. ആർ.-316 രസീത് ബുക്കുകളുടെ ലഭ്യതക്കുറവ് യഥാസമയം പരിഹരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

R.G.